# പതിനാലാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 8 — 28.06.2016 ൽ – മറുപടിക്ക്

## പുതിയ റേഷൻ കാർഡുകളുടെ വിതരണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സി.എഫ്. തോമസ്<br>,, റോഷി അഗസ്റ്റിൻ<br>,, മോൻസ് ജോസഫ്<br>ഡോ.എൻ. ജയരാജ് : | ശ്രീ. പി. തിലോത്തമൻ<br>(ഭക്ഷ്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്ത് പുതിയ റേഷൻ കാർഡുകൾ നൽകുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ; | (എ) • 02.12.2013 ലെ സ.ഉ(കൈ)നം. 53/13/ഭ.സി.സ.വ പ്രകാരം ദേശീയ ഭക്ഷ്യസുരക്ഷാ നിയമം, 2013 സംസ്ഥാനത്ത് നടപ്പിലാക്കുന്നതിന് തത്വത്തിൽ തീരുമാനിച്ച് ഉത്തരവായിട്ടുണ്ട്.<br><br>• 07.07.2014 ലെ സ.ഉ. (കൈ)നം.21/14/ഭ.സി.സ.വ. പ്രകാരം ദേശീയ ഭക്ഷ്യ സുരക്ഷാ നിയമം നടപ്പാക്കുന്നതിന്റെ ഭാഗമായി മുൻഗണന/മുൻഗണനേതര വിഭാഗങ്ങളെ കണ്ടെത്തുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.<br><br>• എൻ.ഐ.സി. വികസിപ്പിച്ച റാങ്കിംഗ് സോഫ്റ്റ്‌വെയറിലൂടെ 02.02.2015 ലെ സ.ഉ(കൈ)നം.3/15/ഭ.സി.സ.വ. ഉത്തരവ് പ്രകാരം താലൂക്ക്തല റാങ്കിംഗ് നടത്തി സംസ്ഥാനത്തെ 75 താലൂക്ക് സപ്ലൈ ഓഫീസുകളിലെയും 6 സിറ്റി റേഷനിംഗ് ഓഫീസുകളിലെയും (ആകെ 81) മുൻഗണനാ/മുൻഗണന ഇതര കുടുംബങ്ങളുടെ കരട് പട്ടിക പ്രസിദ്ധീകരണത്തിനായി തയ്യാറാക്കിയിട്ടുണ്ട്.<br><br>• തൃശൂർ ജില്ലയിലെ കൊടുങ്ങല്ലൂർ താലൂക്ക് സപ്ലൈ ഓഫീസ്, എറണാകുളം ജില്ലയിലെ എറണാകുളം സിറ്റി റേഷനിംഗ് ആഫീസ് എന്നിവിടങ്ങളിലെ കരട് പട്ടിക പരാതികളും ആക്ഷേപങ്ങളും സ്വീകരിക്കുന്നതിനായി പരസ്യപ്പെടുത്തിയിട്ടുണ്ട്. |

- കരട് പട്ടികയിന്മേൽ ലഭിക്കുന്ന പരാതികളും ആക്ഷേപങ്ങളും പരിശോധിച്ച് തീരുമാനമെടുക്കുന്നതിനായി 03.12.2015 ലെ സ.ഉ(സാധാ)നം.391/15/ ഭ.സി.സ.വ പ്രകാരം വെരിഫിക്കേഷൻ കമ്മിറ്റിയും 26.02.2016 ലെ സ.ഉ(സാധാ)നം. 48/2016/ ഭ.സി.സ.വ പ്രകാരം അപ്പീൽ കമ്മിറ്റിയും രൂപീകരിച്ചിട്ടുണ്ട്.

- അന്തിമ മുൻഗണനാ /മുൻഗണന ഇതര പട്ടിക പ്രസിദ്ധീകരിച്ചതിന് ശേഷം പുതിയ റേഷൻ കാർഡുകൾ അച്ചടിച്ച് വിതരണം ചെയ്യുന്നതാണ്.

| | | | |
|---|---|---|---|
| (ബി) | പുതിയ റേഷൻ കാർഡിനുള്ള അപേക്ഷകൾ നിലവിൽ സ്വീകരിക്കുന്നുണ്ടോ; ഇല്ലെങ്കിൽ എന്നു മുതൽ സ്വീകരിച്ചു തുടങ്ങുമെന്ന് വ്യക്തമാക്കുമോ? | (ബി) | ദേശീയ ഭക്ഷ്യ സുരക്ഷാ നിയമ പ്രകാരമുള്ള റേഷൻ കാർഡുകൾ നൽകുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിനു വേണ്ടി 16.07.2014 മുതൽ ആർ.സി.എം.എസ് മരവിപ്പിച്ചിരിക്കുകയാണ്. പുതിയ അപേക്ഷകളിൽ തൽക്കാലം താൽക്കാലിക റേഷൻ കാർഡാണ് നൽകുന്നത്. മുൻഗണനാ/ മുൻഗണനേതര കുടുംബങ്ങളുടെ പട്ടിക പ്രസിദ്ധീകരിച്ചതിന് ശേഷം റേഷൻ കാർഡുകൾ അച്ചടിച്ച് ഗുണഭോക്തൃ കുടുംബങ്ങൾക്ക് നൽകുന്നതാണ്. താൽക്കാലിക കാർഡുടമകൾക്കും തുടർ നടപടികൾ പൂർത്തിയാക്കി ദേശീയ ഭക്ഷ്യ സുരക്ഷാ നിയമ പ്രകാരമുള്ള പുതിയ റേഷൻ കാർഡ് നൽകുന്നതാണ്. |

Thulasi

*സെക്ഷൻ ഓഫീസർ*